**പതിനാലാം കേരള നിയമസഭ**

പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. **4918** **23.03.2018** -ലെ മറുപടിക്ക്

## പട്ടികജാതി കോളനികളുടെ സമഗ്ര വികസനം

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ.സി.കൃഷ്ണൻ**<br>**ശ്രീ. പുരുഷൻ കടലുണ്ടി**<br>**ശ്രീ. എം. മുകേഷ്**<br>**ശ്രീ. കെ.കുഞ്ഞിരാമൻ** | | **ശ്രീ. എ.കെ.ബാലൻ**<br>**(പട്ടികജാതി പട്ടികവർഗ്ഗ പിന്നാക്കസമുദായ ക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററി കാര്യവും വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്തെ പട്ടികജാതി കോളനികളുടെ സമഗ്ര വികസനത്തിനായി ഈ സർക്കാർ നടപ്പാക്കിയ പദ്ധതികൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ; | (എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സംസ്ഥാനത്തെ പട്ടികജാതി കോളനികളുടെ സമഗ്ര വികസനത്തിനായി അംബേദ്കർ ഗ്രാമവികസന പരിപാടി എന്ന പദ്ധതി ആരംഭിച്ചിട്ടുണ്ട്. പ്രസ്തുത പദ്ധതി പ്രകാരം അടിസ്ഥാന സൗകര്യ വികസനത്തിനായി ഒരു നിയോജക മണ്ഡലത്തിൽ നിന്നും അടിസ്ഥാന സൗകര്യ വികസനത്തിൽ പിന്നാക്കം നിൽക്കുന്ന രണ്ട് കോളനികളെ വീതം എം.എൽ.എയുടെ ശുപാർശ പ്രകാരം തെരഞ്ഞെടുത്ത് വികസന പ്രവർത്തനങ്ങൾ നടത്തി വരുന്നു. |
| (ബി) | അംബേദ്കർ ഗ്രാമവികസന പദ്ധതിയിലൂടെ എന്തെല്ലാം പ്രവർത്തനങ്ങളാണ് ലക്ഷ്യം വെയ്ക്കുന്നതെന്ന് അറിയിക്കുമോ; | (ബി) | അംബേദ്ക്കർ ഗ്രാമ വികസന പദ്ധതിയിൽ സങ്കേതത്തിന്റെ സമഗ്ര വികസനത്തിനുതകുന്ന വിധത്തിൽ താഴെപറയുന്ന ഇനം പ്രവൃത്തികൾ ചെയ്യാവുന്നതാണ്.<br>1. ഇന്റേണൽ റോഡ്/ഫുട്പാത്ത്<br>2. ആശയ വിനിമയ സൗകര്യം<br>3. കുടിവെള്ള സൗകര്യങ്ങൾ<br>4. ഡ്രെയിനേജ് സൗകര്യങ്ങൾ<br>5. വൈദ്യുതീകരണം/ വീടുകളിലേക്കുള്ള സോളാർ വൈദ്യുതീകരണം |

| | | | |
|---|---|---|---|
| | | | 6. സോളാർ തെരുവു വിളക്ക്<br>7. സാനിറ്റേഷൻ<br>8. ഭവന പുനരുദ്ധാരണം<br>9. മാലിന്യ നിർമ്മാർജ്ജനം<br>10. പൊതുവായ സൗകര്യങ്ങൾ മെച്ചപ്പെടുത്തൽ/കളിസ്ഥലം മുതലായവ(സ്ഥലം ലഭ്യമാണെങ്കിൽ)<br>11. സംരക്ഷണ ഭിത്തി നിർമ്മാണം<br>12. ഇറിഗേഷൻ<br>13. അടുക്കളത്തോട്ടം<br>14. വരുമാനദായകപദ്ധതികളായ മൃഗസംരക്ഷണം/ഹോർട്ടികൾച്ചർ വീവിംഗ്/കരകൗശലം മുതലായവ (വനിതകൾക്കുള്ള സ്വയം തൊഴിൽ പദ്ധതി) |
| (സി) | പ്രസ്തുത ഗ്രാമവികസന പദ്ധതിയുടെ ഭാഗമായി വരുമാനദായക സംരംഭങ്ങൾ സൃഷ്ടിക്കുന്നതിനുള്ള പ്രത്യേക പദ്ധതികൾ ആസൂത്രണം ചെയ്തു നടപ്പാക്കുമോ? | (സി) | ഇപ്പോൾ നടപ്പിലാക്കിയിട്ടുള്ള പദ്ധതിയിൽ വരുമാനദായക സംരംഭങ്ങളായ മൃഗസംരക്ഷണം/ഹോൾട്ടി കൾച്ചർ/ വീവിംഗ്/ കരകൗശലം മുതലായവ (വനിതകൾക്കുള്ള സ്വയം തൊഴിൽ പദ്ധതി) എന്നിവ പദ്ധതി മോണിറ്ററിങ് കമ്മിറ്റിയുടെ നിർദ്ദേശ പ്രകാരം ഉൾപ്പെടുത്തി വരുന്നു. |

സെക്ഷൻ ഓഫീസർ